പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 243

19.06.2018 ൽ മറുപടിയ്ക്ക്

## ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോർജ് എം.തോമസ്<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ. വി. ജോയി | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) ജനകീയാസൂത്രണത്തിന്റെ വിജയത്തിന് അനിവാര്യ ഘടകങ്ങളായ ആസൂത്രണത്തിലും കർമ്മശേഷി വികസനത്തിലും കിലയുടെ ഇടപെടൽ എത്രമാത്രം പ്രയോജനപ്രദമാകുന്നുണ്ടെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | എ) ജനകീയാസൂത്രണത്തിന്റെ അനിവാര്യ ഘടകങ്ങളായ ആസൂത്രണം നിർവ്വഹണം, മോണിറ്ററിംഗ് എന്നീ പ്രവർത്തനങ്ങൾക്കായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ കർമ്മശേഷി വികസനത്തിനുള്ള വിവിധ പരിശീലന പരിപാടികൾ കില ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.പ്ലാനിംഗ് ബോർഡിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ മീറ്റിംഗുകളിൽ ഓരോ ഘട്ടത്തിലും പരിശീലനങ്ങളുടെ അവലോകനം നടത്തി വരുന്നുണ്ട്. |
| ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നയരൂപീകരണത്തിലും പദ്ധതി നിർവഹണത്തിലും ലിംഗനീതി ഉറപ്പാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ് രൂപീകൃതമായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ; | ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ലിംഗനീതി ഉറപ്പാക്കുന്നതിനു വേണ്ടി എല്ലാ ജില്ലാ ആസൂത്രണ സമിതികളുടേയും നേതൃത്വത്തിൽ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ, ജന്റർ റിസോഴ്സ് സെന്റർ, ജാഗ്രതാ സമിതി, ജന്റർ ഡസ്ക് എന്നിവ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 'കില'യുടെ ആഭിമുഖ്യത്തിൽ 'ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ്' രൂപീകരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മോഡ്യൂളുകൾ തയ്യാറാക്കി പൈലറ്റ് പരിശീലനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ ഹബ് ഫോർ ലോക്കൽ ഗവൺമെന്റ്സ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | സി) 'കില'യുടെ നേതൃത്വത്തിൽ ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ ഹബ്ബ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി തുടങ്ങിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കോൺസെപ്റ്റ് നോട്ട് തയ്യാറാക്കി ദേശീയ തലത്തിലുള്ള സെന്റർ ഫോർ ഇന്നവേഷൻ ആന്റ് പബ്ലിക് പോളിസിയുമായി M.O.U ഒപ്പിട്ടുണ്ട്; ഔപചാരികമായ ഉത്ഘാടനം ഉടൻ ഉണ്ടാകുന്നതാണ്. |
| ഡി) ദേശീയ, അന്തർ ദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് നോളജ് ഹബ്ബുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ഡി) അധികാര വികേന്ദ്രീകരണത്തിന്റെയും തദ്ദേശ ഭരണത്തിന്റെയും വിജ്ഞാന കേന്ദ്രമായി (**knowledge hub**) കിലയെ മാറ്റുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ദേശീയ അന്തർ ദേശീയ തലത്തിൽ ശില്പശാലകൾ, പരിശീലനങ്ങൾ, വിജയപ്രദമായ ഇടപെടലുകളുടെ അനുഭവങ്ങൾ (മാതൃകാ പരിപാടികൾ) പഠിച്ചു മറ്റുള്ളവർക്ക് പകർന്നു നൽകുക തുടങ്ങിയവ ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. ഇതിനായി കില ഫാക്കൽറ്റി അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകി കഴിഞ്ഞു. ഹൊറിസോണ്ടൽ ലേണിംഗ് പ്രോഗ്രാം എന്ന നിലയിലുള്ള പരിശീലനവും ഇതിലുൾപ്പെടുന്നു. തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. |
| ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദമാക്കുമോ? | ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാനും അഴിമതി തടയുന്നതിനും സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനും ഗ്രാമ പഞ്ചായത്തുകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകൾക്കും **ISO** സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കിലയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ